പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.: *63 — 14.01.2021- ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം . മുകേഷ് :<br>ശ്രീ. പി .ടി .എ . റഹീം :<br>പ്രൊഫ. കെ. യു. അരുണൻ :<br>ശ്രീ. കെ.യു. ജനീഷ് കുമാർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കോവിഡ് കാലത്ത് കേന്ദ്രസർക്കാർ അവിചാരിതമായി പ്രഖ്യാപിച്ച ലോക്ക്ഡൗണിൽ ഇതര സംസ്ഥാന തൊഴിലാളികൾ ദുരിതത്തിലാകാതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നു; | (എ) കോവിഡ്-19 ഭീതിവിതച്ച ആദ്യനാളുകളിൽ സംസ്ഥാനത്തെ തൊഴിലുടമകളും തൊഴിലാളികളും പാലിക്കേണ്ട വ്യവസ്ഥ സംബന്ധിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 11/2020 സർക്കുലറിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇവരുടെ താമസം, ഭക്ഷണം എന്നിവയ്ക്കുള്ള ക്രമീകരണം ഒരുക്കുന്നതിന് തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് രാജ്യം സമ്പൂർണ്ണ അടച്ചിടലിലേയ്ക്ക് നീങ്ങിയപ്പോൾ തൊഴിൽ നഷ്ടപ്പെടുകയും ക്രയവിക്രയത്തിന് മതിയായ പണലഭ്യതയില്ലാതെയുമായ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ സാഹചര്യം സർക്കാർ വിലയിരുത്തിക്കൊണ്ട് ഇത്തരം തൊഴിലാളികളോട് പുലർത്തിവരുന്ന ബൃഹത്തായ കരുതലിന്റെ ഫലമായി ഇവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനായുള്ള പ്രത്യേക ശ്രദ്ധയും ജാഗ്രതയും കൈക്കൊള്ളുകയും കോവിഡ് -19 പ്രോട്ടോക്കോളിനനുസൃതമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യവും ഭക്ഷണവും ലഭ്യമാക്കുന്നതിനുള്ള തീരുമാനം സർക്കാർ സ്വീകരിച്ചു. ഇതിനായി ലേബർ കമ്മീഷണറെ സംസ്ഥാന നോഡൽ ഓഫീസറായി നിയമിച്ചു. റവന്യൂ തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹായത്തോടെ സംസ്ഥാനത്താകെ 21,586 ക്യാമ്പുകൾ സജ്ജീകരിച്ച് 4,34,280 അതിഥി |

തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി അവരുടെ പൂർണ്ണ വിവരം ഗൂഗിൾ സ്പ്രെഡ് ഷീറ്റ് മുഖേന ശേഖരിച്ചു ക്യാമ്പുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കമ്മ്യൂണിറ്റി കിച്ചൺ മുഖേനയുള്ള ആഹാരക്രമീകരണത്തിന് പുറമേ ചപ്പാത്തി, ദാൽ, സബ്ജി തുടങ്ങിയ ഇവരുടെ ഇഷ്ട ഭക്ഷണവും കൂടാതെ പാചകം ചെയ്ത് കഴിക്കുവാൻ താൽപര്യമുള്ളവർക്കായി ഭക്ഷണധാന്യങ്ങളും വിതരണം ചെയ്തു. ക്യാമ്പുകളിൽ ടെലിവിഷൻ, കാരംബോർഡ്, ചെസ്ബോർഡ് തുടങ്ങിയ വിനോദോപാധികൾ നൽകിയും മൊബൈൽ റീചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയും തൊഴിലാളികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്നതിന് വേണ്ട സാഹചര്യം സൃഷ്ടിച്ചു. കോവിഡ് 19 രോഗവ്യാപ്തി, രോഗവ്യാപനം, ശുചിത്വം, സാമൂഹിക അകലം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെ സംബന്ധിച്ച അവബോധം തൊഴിലാളിക്ക് നൽകുന്നതിനായി ഒഡിയ, ബംഗാളി, ആസാമീസ്, ഹിന്ദി ഭാഷകളിൽ അനൗൺസ്മെന്റ് നൽകിയും പോസ്റ്ററുകൾ തയ്യാറാക്കി ക്യാമ്പുകളിൽ പതിപ്പിച്ചും ഫോൺ മുഖേന മെസേജുകൾ നൽകിയും നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തുകയുണ്ടായി. തൊഴിൽ നഷ്ടപ്പെട്ട് മറ്റ് ജീവിതോപാധിയില്ലാതെ പരിഭ്രാന്തരായ തൊഴിലാളികളുടെയും സ്വദേശത്തുള്ള അവരുടെ കുടുംബങ്ങളുടെയും പരാതികളും ആകുലതകളും പരഹരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സജ്ജീകരിച്ച വാർറൂമിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകം സംവിധാനം സജ്ജമാക്കുകയുണ്ടായി. തുടർന്ന് ലേബർ കമ്മീഷണറേറ്റിലും 14 ജില്ലകളിലും അസ്സാമീസ്, ബംഗാളി, ഒഡിയ, ഹിന്ദി തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യാവുന്ന ആൾക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച്, 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സജ്ജമാക്കിക്കൊണ്ട് തൊഴിലാളികൾ തൊഴിലാളികളുടെ കുടുംബാംഗങ്ങൾ എന്നിവർ നൽകുന്ന പരാതികളും അഭ്യർത്ഥനകളും സമയബന്ധിതമായി പരിഹരിച്ച് അവരുടെ ആശങ്കയകറ്റുവാനും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കഴിഞ്ഞു. ലോക്ക്ഡൗണിന്റെ

| | | | |
|---|---|---|---|
| | | | മൂന്നാം ഘട്ടത്തിൽ ശ്രമിക് ട്രെയിനുകൾ അനുവദിക്കുകയും സ്വദേശത്തേക്ക് മടങ്ങാൻ ആഗ്രഹിച്ച എല്ലാവരെയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് 216 ശ്രമിക് ട്രെയിനുകളിലായി 3,07,138 തൊഴിലാളികളെ സ്വദേശത്തേക്ക് മടക്കി അയക്കുന്ന നടപടി വിജയകരമായി പൂർത്തികരിച്ചു |
| (ബി) | ഇതര സംസ്ഥാനക്കാരായ തൊഴിലാളികളുടെ സൗജന്യ ചികിത്സക്കായി ആവാസ് കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; അഷ്വറൻസ് പദ്ധതി പ്രകാരം എന്തെല്ലാം സൗജന്യങ്ങളാണ് നൽകുന്നത്; | (ബി) | ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് സ.ഉ.(സാധാ) നം. 1325/2016/തൊഴിൽ പ്രകാരം 'ആവാസ്' എന്ന ഇൻഷുറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000/- രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷുറൻസിനോടൊപ്പം അംഗങ്ങൾ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് കൂടി ഉറപ്പുവരുത്തുന്നുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയും, അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ വരെ ഇൻഷുറൻസ് പരിരക്ഷയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതരസംസ്ഥാന തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വാസസൗകര്യം ഒരുക്കുന്ന അപ്നാ ഘർ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | (സി) | അതിഥിതൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും, ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും, ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് അപ്നാഘർ. "ഭവനം ഫൗണ്ടേഷൻ" കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള കിൻഫ്രാ ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ 2019 മാർച്ച് 1നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ 620 ഇതര സംസ്ഥാന തൊഴിലാളികൾ ഹോസ്റ്റലിൽ താമസിച്ചു വരുന്നു.<br>ഇതര സംസ്ഥാന തൊഴിലാളികൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലും, എറണാകുളത്ത് കളമശേരി കിൻഫ്രാ ഹൈ-ടെക് പാർക്കിലും ഹോസ്റ്റൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

(ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും അവർ ഏർപ്പെടുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ?

(ഡി) കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ഇതരസംസ്ഥാനക്കാരുടെയും രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.